# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/111/2018 2018 മെയ് 26

## പത്രക്കുറിപ്പ്

### ജനശ്രദ്ധ പിടിച്ചുപറ്റി ജൈവം ചിത്രപ്രദർശനം

മഹാത്മാഗാന്ധി സർവ്വകലാശാലാ ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തിയ 'ജൈവം' ചിത്രകലാ ക്യാമ്പിൽ രചിച്ച 40 അക്രലിക്, ജലഛായാ പെയിന്റിംഗുകളുടെ പ്രദർശനത്തിന് തിരക്കേറി.

പ്രകൃതി പൂർണ്ണമായും വിട്ടുനൽകാതെ ഒളിച്ചുവയ്ക്കുന്ന കാഴ്ചകളെ, ജീവജാലങ്ങളുടെ ഉൾജീവിതം ചലനാത്മകമായി ചിത്രീകരിക്കുന്ന 'ഹാഫ് അൺസീൻ' എന്ന എം.ടി. ജയലാലിന്റെ ജലഛായാചിത്രം, ആവാസവ്യവസ്ഥയുടെ പ്രധാന കണ്ണികളുടെ ഉന്മൂലനം വഴി പ്രകൃതിയ്ക്കുണ്ടാകുന്ന ഗുരുതര പ്രതിസന്ധികളെ ചിത്രീകരിക്കുന്ന ടി.ആർ. ഉദയകുമാറിന്റെ ബാർകോഡ് തുടങ്ങിയ ജനശ്രദ്ധയാകർഷിക്കുന്ന, 40 പ്രമുഖ ചിത്രകാരന്മാരുടെ ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. പ്രകൃതിയെ മറന്നുള്ള മനുഷ്യന്റെ ഭോഗസംസ്കാരവും പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റവും അതിനെ എത്രത്തോളം മാറ്റിമറിക്കുന്നു എന്നതിന്റെ നേർക്കാഴ്ചയായി ബിജു. സി. ഭരതന്റെ 'ഷാഡോ ഇൻ ദി നേച്ചർ' എന്ന ചിത്രവും പ്രദർശനത്തിൽ ശ്രദ്ധയാകർഷിക്കുന്നു. സംരക്ഷണവും സുരക്ഷിതത്വവും വാഗ്ദാനം ചെയ്ത മേൽക്കൂരകൾ തുരുമ്പെടുക്കുന്ന കാഴ്ചകൾ സൃഷ്ടിക്കുന്ന അസ്വസ്ഥതകൾ ക്യാൻവാസിൽ പകർത്തിയ വി.എസ്. മധുവിന്റെ 'റസ്റ്റഡ് റൂഫ്സ് ആന്റ് ഫ്ളോട്ടിംഗ് ലോഗ്സ്', അമീൽ ഖലീൽ രചിച്ച 'ഫ്ളവർ മൊട്ടീഫ് എന്നീ ചിത്രങ്ങളും ശ്രദ്ധ പിടിച്ചുപറ്റി പ്രദർശനത്തിലുണ്ട്.

കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ നടക്കുന്ന പ്രദർശനത്തിൽ കോട്ടയം ജില്ലാ പോലീസ് മേധാവി വി.എം. മുഹമ്മദ് റഫീഖ് ഐ.പി.എസ്. ഉൾപ്പെടെ നൂറുകണക്കിന് പ്രമുഖർ പ്രദർശനം കാണുവാനായി എത്തി. കേന്ദ്ര സംസ്ഥാന അവാർഡുകൾ നേടിയവരുൾപ്പെടെ 40 പ്രമുഖ കലാകാരന്മാരുടെ ചിത്രങ്ങളാണ് ഈ പ്രദർശനത്തിലുള്ളത്. രാവിലെ 10 മുതൽ 7 വരെയാണ് പ്രദർശനം. തിങ്കളാഴ്ച പ്രദർശനം സമാപിക്കും.

### പി.എച്ച്.ഡി. പ്രവേശന പരീക്ഷ

2018-19 അദ്ധ്യയന വർഷത്തെ പി.എച്ച്.ഡി. പ്രവേശന പരീക്ഷ (WAT) ജൂൺ 2ന് കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് രാവിലെ 10 മുതൽ 1 വരെ നടത്തും. ഹാൾടിക്കറ്റുകൾ മെയ് 28 മുതൽ ജൂൺ 1 വരെ phd.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### പരീക്ഷാഫലം

2017 ജൂലൈ മാസത്തിൽ ഐ.ഐ.ആർ.ബി.എസിൽ നടത്തിയ ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് - എം.എസ്.സി. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**